(ബി) കേരള എലിഫന്റ് വെൽഫെയർ ബോർഡിന്റെ കരട് റൂൾ അടുത്ത സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ മീറ്റിംഗിൽ വയ്ക്കുന്നതിനായി തീരുമാനിച്ചിരിക്കുകയാണ്.

(സി) സർക്കാരിൽ ഇത് സംബന്ധിച്ച ശുപാർശകൾ നിലവിലില്ല.

(ഡി) ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുന്ന ആനകൾക്കായുള്ള രജിസ്ട്രേഷന്റെ ചുമതല 21-8-2015-ലെ സർക്കുലർ നമ്പർ 3/15 പ്രകാരം കേരളാ നാട്ടാന പരിപാലന ചട്ടത്തിലെ റൂൾ 10 പ്രകാരം നടപടി സ്വീകരിക്കുവാൻ ജില്ലാതല കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം പഠിക്കാൻ പദ്ധതി

300 (2129) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനം പഠിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) കാലാവസ്ഥാ വ്യതിയാനം എന്ന വിഷയത്തിൽ സമഗ്ര പഠനത്തിനായി കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന് നയപരമായ തീരുമാനങ്ങളെടുക്കാൻ സഹായിക്കുംവിധം കാലാവസ്ഥാ വ്യതിയാന സംബന്ധമായ വിഷയങ്ങളിൽ സമഗ്ര പഠനവും ഗവേഷണവും നടത്തുക എന്നതാണ് കാലവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ കാലാവസ്ഥാ വ്യതിയാനം വിലയിരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികളും നടപ്പാക്കിവരുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സി.എസ്.ഐ.ആർ. സ്ഥാപനമായ സെന്റർ ഫോർ മാത്തമാറ്റിക്കൽ മോഡലിങ്ങ് ആന്റ് കമ്പ്യൂട്ടർ സിമുലേഷന്റെ സഹായത്തോടെ Ultra High Resoultion Global Climate Model എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് കേരളത്തിന്റെ കാലാവസ്ഥാ വ്യതിയാനം പഠിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. പ്രധാന കാലാവസ്ഥാ വ്യതിയാന ഘടകങ്ങളായ അന്തരീക്ഷ മർദ്ദം, ഊഷ്മാവ്, ആഗോള താപനില, മഴയുടെ അളവ്, കാറ്റിന്റെ ദിശാവേഗം തുടങ്ങിയവയാൽ അനുഭവപ്പെടുന്ന വ്യതിയാനങ്ങളും അവയുടെ കാരണങ്ങളും കണ്ടെത്തുക, തൻമൂലം കാർഷിക രംഗത്തുണ്ടാകുന്ന വ്യതിയാനങ്ങൾ പ്രവചിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

2. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ (NCESS) ആഭിമുഖ്യത്തിൽ തീരദേശ സമുദ്രനിരപ്പിന്റെ വ്യതിയാനം മനസ്സിലാക്കുന്നതിനുവേണ്ട ഒരു പഠനം നടത്തിവരുന്നു. ഓരുജലത്തിന്റെ സാന്ദ്രത, ഇതിന്റെ വേലിയേറ്റത്തിന്റെ തോത്, സമുദ്ര നിരപ്പിന്റെ ഉയര വ്യത്യാസം, ഭാവിയിൽ സംഭവിക്കാവുന്ന സമുദ്ര നിരപ്പിന്റെ വ്യതിയാനം എന്നിവ വിശകലനം ചെയ്യുക, സമുദ്രനിരപ്പിൽ താഴെ സ്ഥിതി ചെയ്യുന്ന കുട്ടനാട് പ്രദേശത്തെ നെൽവയലുകളുടെ കാർഷിക ഉപഭോഗ വ്യതിയാനം കാർഷിക ഗവേഷണ സാദ്ധ്യതകൾ, കൃഷി നാശത്തിന്റെ തോത്, കാലാവസ്ഥാ വ്യതിയാനം വിളകളുടെ പരിവർത്തനം എന്നിവയെക്കുറിച്ച് സൂക്ഷ്മമായി വിശകലനം ചെയ്യുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

3. പാരിസ്ഥിതിക സുസ്ഥിരതാസൂചികയുടെ (Environmental sustainability Index) അടിസ്ഥാനത്തിൽ കേരളത്തിലെ മുഴുവൻ ജില്ലകളെയും പഠന വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത ഘടകങ്ങളുടെ സ്ഥിരവും അസ്ഥിരവുമായ വ്യതിയാനങ്ങൾ പഠിക്കുക, വ്യതിയാനത്തിന് ആധാരമായ കാരണങ്ങൾ പ്രവചിക്കുക, അവയുടെ തോത് നിശ്ചയിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ.എഫ്.എം.ആർ. എന്ന സ്ഥാപനവുമായി ചേർന്ന് പദ്ധതി നടപ്പാക്കിവരുന്നു.

4. കാലാവസ്ഥാ വ്യതിയാന ഘടകങ്ങളായ ഊഷ്മാവ്, അന്തരീക്ഷ മർദ്ദം, സാന്ദ്രത, കാറ്റിന്റെ ദിശാവേഗം തുടങ്ങിയവ കൃത്യമായി അളക്കുന്നതിനായി പാലക്കാട് ജില്ലയിൽ അഞ്ച് അന്തരീക്ഷ നിരീക്ഷണ സംവിധാനങ്ങൾ കാർഷിക വകുപ്പിന്റെ കീഴിലുള്ള Vegetable and Fruits Promotion Council മുഖേന സ്ഥാപിച്ചിട്ടുണ്ട്.

5. സെക്രട്ടേറിയറ്റ് ആസ്ഥാനമാക്കി, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രധാന ഘടകമായ കാർബൺ ഫുട്ട് പ്രിന്റിന്റെ പഠനം എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. കാർബൺ സംയുക്തങ്ങളുടെ ബഹിർഗമനം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ സൂക്ഷ്മായി നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

പാരിസ്ഥിതിക പ്രശ്നങ്ങൾ

301 (2130) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം നേരിടുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ഏതെല്ലാം ;

(ബി) പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എത്ര സർക്കാർ ഏജൻസികൾ ഉണ്ട് ; വിശദമാക്കുമോ ;

(സി) പ്ലാസ്റ്റിക് റീ-സൈക്ലിംഗ് സംബന്ധിച്ച് പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം എന്തെല്ലാം ?

ഉത്തരം

(എ) പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:

1. കാലാവസ്ഥാ വ്യതിയാനം.
2. പാരിസ്ഥിതി മലിനീകരണം.
3. കുന്നിടിക്കുക, ക്വാറിയിംഗ് തുടങ്ങിയ മാനുഷിക പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ.
4. ജൈവ സമ്പത്തിന്റെ നശീകരണം.
5. ഖരദ്രവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ സംസ്കരണം.
6. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം.

LIBRARY ARCHIVES Kerala Legislative Assembly